**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **09-10-2024 - ൽ മറുപടിയ്ക്ക്**

**ദ്രുത പ്രതികരണ സേനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ഏതെല്ലാം സെക്ഷനുകളിലാണ് നിലവിൽ ദ്രുത പ്രതികരണ സേന (ആർ.ആർ.ടി)കൾ ഉള്ളത്; വിശദമാക്കാമോ; | (എ) | കേരളത്തിൽ സെക്ഷൻ അടിസ്ഥാനത്തിൽ ദ്രുതപ്രതികരണ സേന രൂപീകരിച്ചിട്ടില്ല. വനം വകുപ്പിൽ നിലവിലുള്ള (സ്ഥിരവും, താൽക്കാലികവും) ദ്രുത പ്രതികരണ സേനകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ ആർ.ആർ.ടി.കളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക, സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | സെക്ഷൻ അടിസ്ഥാനത്തിൽ ആർ.ആർ.ടി.കൾ രൂപീകരിച്ചിട്ടില്ല. നിലവിലുള്ള 28 ആർ.ആർ.ടി.കളിലും അതാത് പ്രദേശങ്ങളുടെ പ്രത്യേകതകളും ആർ.ആർ.ടി.യുടെ പരിധിയിൽ ഉൾപ്പെടുന്ന വനഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലും വ്യത്യസ്ഥമായ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. ഓരോ ആർ.ആർ.ടി-യുടേയും ചുമതല ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കാണ് . ഇത് കൂടാതെ ആർ.ആർ.ടി-കളിൽ ശരാശരി 1 മുതൽ 3 വരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മാരുടേയും 4 മുതൽ 6 വരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടേയും 1 മുതൽ 4 വരെ ഫോറസ്റ്റ് വാച്ചർ മാരെയും ആണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ ചില ആർ.ആർ.ടി.കൾക്ക് ഫോറസ്റ്റ് ഡ്രൈവർ തസ്തികയും, പാർട്ട് ടൈം സ്വീപ്പർ തസ്തികയും അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ആർ.ആർ.ടി.കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട പുതിയ സെക്ഷനുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (സി) | ചോദ്യം (എ)യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | പ്രഖ്യാപിക്കപ്പെട്ട ആർ.ആർ.ടി.കൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ അവ എവിടെയെല്ലാമാണെന്നും ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ? | (ഡി) | നിലവിൽ പ്രഖ്യാപിക്കപ്പെട്ട ആർ.ആർ.ടി.കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | ദ്രുതപ്രതികരണ സേനയുടെ പേര് |
|---|---|
| 1. | പേപ്പാറ ആർ.ആർ.ടി. |
| 2. | അഞ്ചൽ ആർ.ആർ.ടി. |
| 3. | റാന്നി ആർ.ആർ.ടി. |
| 4. | മൂന്നാർ ആർ.ആർ.ടി. |
| 5. | മലയാറ്റൂർ ആർ.ആർ.ടി. |
| 6. | പാലക്കാട് ആർ.ആർ.ടി. |
| 7. | മണ്ണാർക്കാട് ആർ.ആർ.ടി. |
| 8. | അട്ടപ്പാടി ആർ.ആർ.ടി. |
| 9. | നിലമ്പൂർ നോർത്ത് ആർ.ആർ.ടി. |
| 10. | കോഴിക്കോട് ആർ.ആർ.ടി. |
| 11. | കൽപ്പറ്റ ആർ.ആർ.ടി. |
| 12. | കണ്ണൂർ (ആറളം) ആർ.ആർ.ടി. |
| 13. | കാസർഗോഡ് ആർ.ആർ.ടി. |
| 14. | പീരുമേട് ആർ.ആർ.ടി. |
| 15. | സുൽത്താൻ ബത്തേരി ആർ.ആർ.ടി. |
| 16. | പാലോട് ആർ.ആർ.ടി. |
| 17. | തെന്മല ആർ.ആർ.ടി. |
| 18. | എരുമേലി – വണ്ടൻപതാൽ ആർ.ആർ.ടി. |
| 19. | മാങ്കുളം – കടലാർ ആർ.ആർ.ടി. |
| 20. | കോതമംഗലം ആർ.ആർ.ടി. |
| 21. | പാലപ്പിള്ളി ആർ.ആർ.ടി. |
| 22. | കൊല്ലങ്കോട് ആർ.ആർ.ടി. |
| 23. | കരുവാരക്കുണ്ട് ആർ.ആർ.ടി. |
| 24. | മാനന്തവാടി ആർ.ആർ.ടി. |
| 25. | കോന്നി ആർ.ആർ.ടി. |
| 26. | ആലപ്പുഴ ആർ.ആർ.ടി. |
| 27. | മറയൂർ ആർ.ആർ.ടി. |
| 28. | തൃശ്ശൂർ ആർ.ആർ.ടി. |